## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 137 28.11.2018-ൽ മറുപടിക്ക്**

### ഹാദിയ കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹാദിയ കേസിൽ കേരള ഹൈക്കോടതി വിധിക്കെതിരെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് എസ്.ഡി.പി.ഐ. യുടെ ആഭിമുഖ്യത്തിൽ കേരള ഹൈക്കോടതിയിലേക്ക് 2017 മേയ് 29 ന് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചിരുന്നോ; | (എ) മുസ്ലീം ഏകോപന സമിതിയുടെ നേതൃത്വത്തിൽ എസ്.ഡി.പി.ഐ, പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചിരുന്നു. |
| (ബി) പ്രസ്തുത മാർച്ച് അക്രമാസക്തമാകുകയും വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തിരുന്നോ; | (ബി) പ്രസ്തുത മാർച്ച് അക്രമാസക്തമായിരുന്നു. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രകടനക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എത്രപേരെ പ്രതികളാക്കി; അതിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; വിശദാംശം നൽകുമോ; | (സി) ഇക്കാര്യത്തിന് സെൻട്രൽ പോലീസ് സ്റ്റേഷൻ ക്രൈം 1564/17 u/s 143, 147, 153(A), 189, 283, 298, 332, 149 IPC പ്രകാരം കണ്ടാലറിയാവുന്ന 3000 ഓളം പേരെ പ്രതികളാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി പ്രതികളിൽ 62 പേരെ തിരിച്ചറിഞ്ഞതിൽ 56 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. |

(ഡി) ഈ കേസിന്റെ അന്വേഷണം പൂർത്തീകരിച്ച് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടില്ല. കേസ്സ് അന്വേഷണാവസ്ഥയിലാണ്.

**സെക്ഷൻ ഓഫീസർ**